"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ ശിശു വികസന വകുപ്പ്- PM-JANMAN പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയും, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.115/2024/WCDD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 12.01.2024 ലെ 11/13/2023-CD-1 (c 111487) നമ്പർ കത്ത്
2. കേന്ദ്ര സർക്കാരിന്റെ 19.01.2024 ലെ 11/13/2023-CD-1 (c 111487) നമ്പർ കത്ത്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.01.2024 തീയതിയിലെ DWCD/7045/2023-ICDSB1 നമ്പർ കത്ത്
4. സ.ഉ(സാധാ)നം.2106/2024/ധന തീയതി 05.03.2024

**<u>ഉത്തരവ്</u>**

ഭാരതത്തിലെ 76 അതിദുർബല ഗോത്രവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ജൻജതി ആദിവാസി ന്യായ മഹാ അഭിയാൻ (PM-JANMAN). ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഗോത്ര വർഗ്ഗ മേഖലയിൽ അങ്കണവാടികൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ 5 ജില്ലകളിലെ നിലവിലുള്ള 49 Particularly Vulnerable Tribal Group (PVTG) ഹാബിറ്റേഷനുകളിൽ (പാലക്കാട്- 12 , വയനാട്- 27 , തൃശ്ശൂർ- 1 , മലപ്പുറം- 2 , കാസർഗോഡ്- 7 ) അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. കൂടാതെ സംസ്ഥാനത്തെ 65 PVTG ഹാബിറ്റേഷനുകളിൽ അങ്കണവാടികൾ തുടങ്ങുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും ST Department ലിസ്റ്റ് ലഭ്യമാക്കിയിരുന്നു. 5 PVTG ഹാബിറ്റേഷനുകളിൽ പുതിയ 5 അങ്കണവാടികൾ ആരംഭിക്കുന്നതിന് പരാമർശം(1) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്.

(2) PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്ത 49 PVTG ഹാബിറ്റേഷനുകളിൽ സംസ്ഥാനത്തിനായി ആകെ അനുവദിച്ച 5 അങ്കണവാടികളിൽ 4 അങ്കണവാടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

Table 1

| SL | UID | District | Taluk | Village | GP/Village Council | Revenue Village | PVTHamlet/Habitation N |
|---|---|---|---|---|---|---|---|

| N o. | | | | | | | ame |
|---|---|---|---|---|---|---|---|
| 1 | 627609 H15 | Palakkad | Attappadi | Padavayal | Padavayal | Padavayal | Kinattukkara |
| 2 | 627610 H04 | Palakkad | Attappadi | Pudur | Pudur | Pudur | Pazhayur |
| 3 | 627318 H03 | Wayanad | Sulthanbathery | Kuppadi | Kuppadi | Kuppadi | Karaputhadi coloni |
| 4 | 627338 H02 | Wayanad | Vythiri | Thrikkaipatta (Part) | Thrikkaipatta (Part) | Thrikkaipatta (Part) | Kallumala Kollivayal |

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ലിസ്റ്റിൽ Multi Purpose Centre (Health facility and Anganwadi centre) നായി തിരഞ്ഞെടുത്തവയിൽ ഉൾപ്പെട്ട 1 അങ്കണവാടിയെയും PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് ചുവടെ ചേർക്കുന്നു.

Table II

| Sl No | District | Taluk | Gramapanchayat/Village Council | Revenue Village Name | PVTG Hamlet/ Habitation name | PVTG Name |
|---|---|---|---|---|---|---|
| 1 | Palakkad | Mannarkad | Kottoppadam-1 | Kottoppadam-1 | Ambalappara | Kattunayak |

Table III

PM-JANMAN പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ തിരഞ്ഞെടുത്ത 49 PVTG ഹാബിറ്റേഷനുകളിൽ, 3 ഹാബിറ്റേഷനുകളിൽ അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി 3 അങ്കണവാടികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| SL No. | UID | District | Taluk | Village | GP/Village Council | Revenue Village | PVTHamlet/ Habitation Name |
|---|---|---|---|---|---|---|---|
| 1 | 627609H05 | Palakkad | Mannarkad | Padavayal | Padavayal | Padavayal | Gottiyarkkandi |
| 2 | 627610H13 | Palakkad | Mannarkad | Pudur | Pudur | Pudur | Edavani |
| 3 | 627293H05 | Wayanad | Mananthavady | Thirunelly | Thirunelly | Thirunelly | Gajagadi Colony |

(3) PM-JANMAN പദ്ധതിയിൽ പുതുതായി അനുവദിച്ച 4 അങ്കണവാടികൾക്കും (Table 1) PVTG ഹാബിറ്റേഷനുകളിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 3 അങ്കണവാടികൾക്കും (Table III) ഉൾപ്പെട്ട 7 അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായി 12 ലക്ഷം രൂപ വീതം 84 ലക്ഷം രൂപ പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുണ്ട് (100% കേന്ദ്ര വിഹിതം) . എന്നാൽ

കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് നിർമ്മാണ ചെലവിൽ അധികമായി വരുന്ന ചെലവ് സംസ്ഥാനം കണ്ടെത്തേണ്ടതായി വരുന്നതാണെന്നും കൂടാതെ പുതുതായി അനുവദിച്ച 5 അങ്കണവാടികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം വകയിരുത്തേണ്ടതുണ്ടെന്നും, Multi purpose Centre നായി തെരഞ്ഞെടുത്ത (Table II) അങ്കണവാടി കെട്ടിടനിർമ്മാണം വകുപ്പ് മുഖേനയല്ല നിർവ്വഹിക്കുന്നതെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(4) ടി 5 അങ്കണവാടികൾക്കായി സംസ്ഥാന വിഹിതമായി വകയിരുത്തേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

PM JANMAN പദ്ധതി പ്രകാരം - 5 പുതിയ അങ്കണവാടികൾക്ക് ആവശ്യമായ തുക (yearly)

Table IV

| ക്രമ നമ്പർ | ഇനം | കേന്ദ്ര സംസ്ഥാന വിഹിതം ആകെ | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) |
|---|---|---|---|---|
| | RECURRING | | | |
| 1 | HONORARIUM WORKER | 4500*5*12 = 270000 | 2700*5*12 = 162000 | 1800*5*12 = 108000 |
| 2 | HONORARIUM HELPER | 2250*5*12 = 135000 | 1350*5*12=81000 | 900*5*12= 54000 |
| 3 | RENT | 2000*5*12= 120000 | 1200*5*12= 72000 | 800*5*12= 48000 |
| | NON RECURRING | | | |
| 4 | CONTIGENCY | 2000*5 = 10000 | 1200*5 = 6000 | 800*5= 4000 |
| 5 | UNIFORM (W &H) | 2000*5 = 10000 | 1200*5 = 6000 | 800*5= 4000 |
| 6 | PRESCHOOL KIT | 3000*5 = 15000 | 1800*5 = 9000 | 1200*5 = 6000 |
| 7 | MEDICINE KIT | 1500*5 = 7500 | 900*5 = 4500 | 600*5 = 3000 |
| | TOTAL | 5,67,500 | 3,40,500 | 2,27,000 |

മേൽ വിവരിച്ച ചെലവുകൾക്ക് പുറമെ 2235-02-102-55, 2235-02-102-34 (NP) എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന സർക്കാർ അധിക ഹോണറേറിയം ചുവടെ പറയും പ്രകാരം തുക അനുവദിക്കുന്നുണ്ട്.

TableV

| ക്രമ നമ്പർ | ഇനം | അധിക സംസ്ഥാന വിഹിതം ആകെ | കേന്ദ്ര വിഹിതം (0%) | സംസ്ഥാന വിഹിതം (100%) |
|---|---|---|---|---|
| 8 | Additional Honorarium Worker | 5300*5*12 = 318000 | 0 | 318000 |
| 9 | Additional Honorarium Helper | 4300*5*12 = 258000 | 0 | 258000 |
| 10 | Honorarium worker LSGD share | 2200*5*12 = 132000 | 0 | 132000 |

| | | | | |
|---|---|---|---|---|
| 11 | Honorarium Helper LSGD share | 1450*5*12 = 87000 | 0 | 87000 |
| | GRAND TOTAL | 795000 | 0 | 795000 |

(5) പുതിയ 5 അങ്കണവാടികൾക്കായി മേൽ വിവരിച്ച പ്രകാരം (table V) ഹോണറേറിയവും മറ്റു ചെലവുകൾക്ക് 60:40 അനുപാതത്തിൽ അനുവദിക്കുന്ന തുകയായ 5,67,500/- രൂപയിൽ, ആനുപാതികമായ 40% തുകയായ 2,27,000/- രൂപ 2235-02-102-18 എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതുണ്ട് എന്നും മേൽ വിവരിച്ച ചെലവുകൾക്ക് പുറമെ 2235-02-102-55, 2235-02-102-34 (NP) എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന സർക്കാർ അധിക ഹോണറേറിയം അനുവദിച്ച് വരുന്നുണ്ടെന്നും ആയതിലേയ്ക്കായി വരുന്ന ചെലവ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം 7,95,000/- രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം ) ആവശ്യമായി വരുന്ന എന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(6) PM-JANMAN പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച അങ്കണവാടികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയും, ഈ പദ്ധതിയ്ക്കായി ഒരു State linked scheme (SLS) ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ചും, SNA Nodal Agency ആയി വകുപ്പ മേധാവിയെ നിയോഗിച്ചും ഉത്തരവാകണമെന്നും പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. PM-JANMAN പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച അങ്കണവാടികൾ പ്രവർത്തനം ആരംഭിക്കുന്നതിനും, പദ്ധതിയിൽ പുതുതായി അനുവദിച്ച 4 അങ്കണവാടികൾക്കും PVTG ഹാബിറ്റേഷനുകളിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 3 അങ്കണവാടികൾക്കും കെട്ടിട നിർമ്മാണത്തിനായി 12 ലക്ഷം രൂപ വീതം 84 ലക്ഷം രൂപ അനുവദിക്കുന്നതിന് അപ്രൂവൽ നൽകിയിട്ടുള്ളതിനാൽ, പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഡയറക്ടറുടെ പേരിൽ സിംഗിൾ നോഡൽ അക്കൗണ്ട്(SNA) ആരംഭിക്കുന്നതിനും അനുമതി നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ജീവനക്കാരുടെ നിയമനം, പർച്ചേസ്, വർക്കുകൾ എന്നിവയുടെ കാര്യത്തിൽ അവയുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നത് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ.M.S.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/41/2024-FIN (2698874) ]

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-03-2024 16:28:58
സെക്ഷൻ ഓഫീസർ